**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3915** **09-10-2025 - ൽ മറുപടിയ്ക്ക്**

**പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായുള്ള പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം എന്ന പ്രവൃത്തിയുടെ തൽസ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത് എന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ 80% പൂർത്തീകരിച്ചു. രണ്ട് നിലകളിലായി വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം നിലയിലെ പെയിന്റിംഗ്, ഫ്ലോർ ടൈലിംഗ് എന്നിവ പൂർത്തിയാക്കാനുണ്ട്. ഇതുകൂടാതെ ബാലൻസ് പ്ലംബിംഗ് പ്രവൃത്തികൾ, റൂഫിംഗ് ഷീറ്റ് പ്രവൃത്തികൾ, മത്സ്യ കച്ചവടത്തിനായുള്ള സ്റ്റെയിൻലസ് സ്റ്റീൽ ട്രോളികൾ സജ്ജമാക്കൽ, ഗ്രൗണ്ട് ഇന്റർലോക്ക് പാകൽ എന്നിവ കൂടി പൂർത്തിയാക്കാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമായപ്പോൾ ഉള്ള എസ്റ്റിമേറ്റിൽ എന്തൊക്കെ പ്രവൃത്തികളാണ് നിർവഹണത്തിന്റെ സമയത്ത് ഒഴിവാക്കിയത്; ആയതിന്റെ കാര്യകാരണങ്ങൾ അറിയിക്കാമോ; | (സി) | സാങ്കേതികാനുമതി എസ്റ്റിമേറ്റിൽ ട്രസ്സ് വർക്കിനായി ഉൾപ്പെടുത്തിയിരുന്ന നിശ്ചിത അളവിലുള്ള ജി.ഐ പൈപ്പിന്റെ ലഭ്യതക്കുറവ് കാരണം എം.എസ്. പൈപ്പിലേക്ക് മാറ്റുകയുണ്ടായി. കൂടാതെ എഫ്.ആർ.പി സെപ്റ്റിക് ടാങ്കുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് കാരണം പി.വി.സി സെപ്റ്റിക് ടാങ്കുകൾ ഉൾപ്പെടുത്തി. പി.വി.സി വാട്ടർ ടാങ്കുകൾക്ക് പകരം ആർ.സി.സി വാട്ടർ ടാങ്കുകളും ആക്കിയിരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ പ്ലാൻ അപ്പ്രൂവൽ, ഫയർ എൻ. ഒ. സി. എന്നിവ ലഭ്യമായിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പദ്ധതിയുടെ ഭാഗമായുള്ള കോൾഡ് സ്റ്റോറേജ്, എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിവരം അറിയിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ പ്ലാൻ അപ്രൂവലിന്റെ പകർപ്പ് അനുബന്ധം 2ആയി ചേർക്കുന്നു. ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതിനായി ഫയർ & റെസ്ക്യൂ വകുപ്പിൽ അപേക്ഷ സമർപ്പിക്കുകയും വകുപ്പ് നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായുള്ള കോൾഡ് സ്റ്റോറേജ് നിർമ്മാണം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് |

| | | | |
|---|---|---|---|
| | | | നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## 2016 മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (രൂപയിൽ) |
|---|---|---|
| 1. | ജൈവസുരക്ഷിത കുളത്തിലെ പങ്കേഷ്യസ് കൃഷി | 12,24,000 |
| 2. | കുളത്തിലെ നാടൻ കാറ്റ് ഫിഷ് കൃഷി | 1,15,201 |
| 3. | കുളത്തിലെ സെമി ഇന്റൻസീവ് കരിമീൻ കൃഷി | 2,11,968 |
| 4. | കുളത്തിലെ ഇന്റൻസീവ് ശുദ്ധജലമത്സ്യങ്ങളുടെ കൃഷി | 4,94,213 |
| 5. | കൃത്രിമകുളത്തിലെ മത്സ്യകൃഷി | 1,92,000 |
| 6. | റിയറിംഗ് യൂണിറ്റ് ഫോർ സ്റ്റന്റഡ് കാർപ്പ് | 13,920 |
| 7. | വനിതയ്ക്ക് സ്വന്തം മീൻതോട്ടം | 6,000 |
| 8. | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യക്കൃഷി | 79,50,197 |
| 9. | പി.എം.എം.എസ്.വൈ. (റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം-ൽ തിലാപ്പിയ) | 21,00,000 |
| 10. | ജനകീയ മത്സ്യകൃഷി (റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം-ൽ തിലാപ്പിയ) | 10,65,180 |
| 11. | പി.എം.എം.എസ്.വൈ. (പിന്നാമ്പുറ അലങ്കാര മത്സ്യവിത്തുൽപ്പാദന യൂണിറ്റ്) | 10,80,000 |
| 12. | പി.എം.എം.എസ്.വൈ. (മീഡിയം സ്കെയിൽ ഓർണമെന്റൽ റിയറിംഗ് യൂണിറ്റ്) | 8,00,000 |
| 13. | പി.എം.എം.എസ്.വൈ. (മിനി റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം) | 60,000 |
| 14. | മുറ്റത്തൊരു മീൻതോട്ടം | 12,21,000 |
| 15. | വനിതകൾക്കായുള്ള അലങ്കാരമത്സ്യ യൂണിറ്റ് | 2,90,000 |
| 16. | പട്ടികവർഗ്ഗക്കാർക്കായുള്ള അലങ്കാരമത്സ്യ യൂണിറ്റ് | 8,00,000 |
| 17. | പടുതാക്കുളത്തിൽ വരാൽ | 50,87,336 |
| 18. | പടുതാക്കുളത്തിൽ പങ്കേഷ്യസ് | 19,18,988 |
| 19. | ബയോഫ്ലോക്കിൽ തിലാപ്പിയ | 5,32,752 |
| 20. | ബയോഫ്ലോക്കിൽ വനാമികൃഷി | 20,592 |
| 21. | കൂടുകളിലെ തിലാപ്പിയകൃഷി | 81,000 |
| 22. | പിന്നാമ്പുറ മത്സ്യവിത്തുൽപ്പാദനം (വരാൽ) | 4,80,000 |
| 23. | പിന്നാമ്പുറ മത്സ്യവിത്തുൽപ്പാദനം (കരിമീൻ) | 4,80,000 |
| 24. | പി.എം.എം.എസ്.വൈ. മത്സ്യകിയോസ്ക്ക് | 4,00,000 |
| 25. | പി.എം.എം.എസ്.വൈ. ലൈവ് ഫിഷ് വെന്റിംഗ് യൂണിറ്റ് | 8,00,000 |

**അഡാക്ക്**

PMMSY – Participatory Integrated Fisheries Development in selected Reservoirs of Kerala എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ റിസർവോയറിൽ 100 കേജുകൾ സ്ഥാപിച്ച് അഡാക്ക് കൂടുമത്സ്യകൃഷി നടപ്പിലാക്കി വരുന്നു. നെയ്യാർ റിസർവോയറിലെ സമീപവാസികളായ ആദിവാസി സമൂഹത്തിൽപ്പെട്ടവരും ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റി അംഗങ്ങളുമായവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഇനം മത്സ്യങ്ങളെ വളർത്തി അതിലൂടെ വരുമാനം കണ്ടെത്തി ആദിവാസി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക, സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ടി പദ്ധതിക്കായി നാളിതുവരെ 329.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

2016 മുതൽ നാളിതുവരെ പാറശ്ശാല മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| **2016-17 സാമ്പത്തിക വർഷം** | | | | |
| 1 | നബാർഡ് – നെയ്യാർ ഗിഫ്റ്റ് പദ്ധതി തിലാപ്പിയ ഫിഷ് സീഡ് ഫാം | 500.00 | 499.86 | പൂർത്തീകരിച്ചു |
| **2021-22 സാമ്പത്തിക വർഷം** | | | | |
| | **കിഫ്ബി പദ്ധതി** | | | |
| 2 | പനച്ചമൂട് മത്സ്യമാർക്കറ്റ് | 535.77 | 252.74 | സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ 80% പൂർത്തീകരിച്ചു |
| **2023-24 സാമ്പത്തിക വർഷം** | | | | |
| | **സംസ്ഥാന ബജറ്റ് പദ്ധതി** | | | |
| 3 | നെയ്യാർ ഫിഷ് സീഡ് ഫാം – ഫെൻസിംഗ് & പ്ലംബിംഗ് | 25.18 | 20.144 | പദ്ധതി പൂർത്തീകരിച്ചു |
| 4 | നെയ്യാർ ഓർണമെന്റൽ ഹബ് 1 – 6 പുനരുദ്ധാരണം, ഗിഫ്റ്റ് ഹാച്ചറി വികസനം | 154.00 | 108.25 | പദ്ധതി പൂർത്തീകരിച്ചു |


## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ വികസനത്തിനായി GO(Rt)No.288/18/F&PD തീയതി 04/04/2018 പ്രകാരം 746 ലക്ഷം രൂപയുടെ ഭരണാനുമതിയും നെയ്യാർ ഡാമിന്റെ ടാങ്ക് & പോണ്ട് നിർമ്മാണ പ്രവൃത്തിക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രസ്തുത പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പ്രവൃത്തികൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നടപ്പിലാക്കിയ പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| I | **നെയ്യാർ മത്സ്യവിത്തുൽപാദന കേന്ദ്രം - മൂന്നാം ഘട്ട വികസനം** | |
| a | റിയറിംഗ് & നഴ്സറി പോണ്ട് നിർമ്മാണം | 348.08 |
| b | ഇന്റേണൽ റോഡ് & ഡ്രെയിൻ നിർമ്മാണം | 62.16 |
| c | ബേർഡ് നെറ്റ് & പ്ലംബിംഗ് പ്രവൃത്തികൾ | 61.89 |
| d | ബയോഫ്ലോക്ക് പ്ലാറ്റ്ഫോം | 28.38 |
| e | ട്രെയിനിംഗ് സെന്ററിന് സമീപത്തുള്ള യാർഡ് നിർമ്മാണം | 11.88 |
| f | ജനറേറ്റർ റൂമിന്റെ നിർമ്മാണം | 5.78 |
| g | ഇലക്ട്രിക്കൽ റൂം & ക്യൂബിക്കിൾ നിർമ്മാണം | 3.28 |
| h | ടാങ്ക് - സ്റ്റെയറുകളുടെ നിർമ്മാണം | 4.199 |
| i | ശേഷിക്കുന്ന ഡ്രെയിൻ & കവർ സ്ലാബ് നിർമ്മാണം | 3.42 |
| j | ലാൻഡ് സ്കേപ്പിംഗ് & ബ്യൂട്ടിഫിക്കേഷൻ പ്രവൃത്തി | 1.24 |
| | **ഇലക്ട്രിക്കൽ വർക്ക്** | |
| a | ദേശീയ മത്സ്യവിത്തുൽപാദന കേന്ദ്രം മൂന്നാംഘട്ട ഇലക്ട്രിഫിക്കേഷൻ | 22.55 |
| b | നെയ്യാർ ഹാച്ചറി ഫേസ് III - പോണ്ടിന്റെ എയറേഷൻ സിസ്റ്റം - സപ്ലൈ & ഇൻസ്റ്റാളേഷൻ | 21.93 |
| c | ഓർണമെന്റൽ ടാങ്കിന്റെ എയറേഷൻ സിസ്റ്റം - സപ്ലൈ & ഇൻസ്റ്റാളേഷൻ | 18.94 |
| d | നെയ്യാർ ഫേസ് II - ഇലക്ട്രിഫിക്കേഷൻ അഡീഷണൽ വർക്ക്. | 2.6 |

| | | |
|---|---|---|
| e | നെയ്യാർ ഫേസ് III ഓർണമെന്റൽ ഫിഷ് ടാങ്കുകളിലെ ബ്ലോവേഴ്സിന് ഇലക്ട്രിക്കൽ പവർ സപ്ലൈ ഏർപ്പെടുത്തൽ | 22.16 |
| f | നെയ്യാറിലെ 40KVA DG Set ന്റെ സപ്ലൈ, ഇൻസ്റ്റാളേഷൻ, ടെസ്റ്റിംഗ് & കമ്മീഷനിംഗ് & KSEB അപ്രൂവൽ | 6.57 |
| **II** | **നെയ്യാർ ഡാം ടാങ്ക് & പോണ്ട് നിർമ്മാണം.** | 20.63 |


അനുബന്ധം - 2




**KSCADC** — KERALA STATE COASTAL AREA DEVELOPMENT CORPORATION

PROJECT:- PROPOSED MODERN HYGIENIC FISH MARKET AT PANACHAMOODU.

| | | | |
|---|---|---|---|
| DRAWING NO: | SD-100 | ASSISTANT ENGINEER: | ASSISTANT EXECUTIVE ENGINEER: |
| DATE: | | | |
| TYPE: | SUBMISSION DRAWING | STRUCTURAL CONSULTANT: DESIGNED & CHECKED BY | CHIEF ENGINEER: |
| TITLE: | SITE PLAN | REVISION | |




| | | | |
|---|---|---|---|
| KERALA STATE COASTAL AREA DEVELOPMENT CORPORATION (KSCADC) | PROJECT:- PROPOSED MODERN HYGIENIC FISH MARKET AT PANACHAMOODU. | | |
| | DRAWING NO: SD-100 | ASSISTANT ENGINEER: | ASSISTANT EXECUTIVE ENGINEER: |
| | DATE: | | |
| | TYPE: SUBMISSION DRAWING | STRUCTURAL CONSULTANT: | CHIEF ENGINEER: |
| | TITLE: PLAN | | |